(ബി) ഇങ്ങനെ അനുവദിക്കപ്പെട്ട മുഴുവൻപേർക്കും തുക ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നേക്ക് തുക നൽകുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി സംബന്ധിച്ച് നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

വടകര-മാഹി കനാൽ നിർമ്മാണ പ്രവർത്തനം

89 (103) ശ്രീ. എം. കെ. പ്രേംനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര-മാഹി കനാൽ നിർമ്മാണപ്രവർത്തനം എവിടെവരെയെത്തിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കനാൽ നിർമ്മാണത്തിലൂടെയുണ്ടാകുന്ന ഗതാഗത ജലസേചന നേട്ടങ്ങളെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വടകര-മാഹി കനാൽ ഉൽഖനന പ്രവർത്തനങ്ങൾക്കുവേണ്ടി 165 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് പരിഗണനയിലാണ്.

(ബി) ഭാരത സർക്കാർ 1959-ൽ ഗോഖലെ കമ്മിറ്റിയേയും, 1968-ൽ ഭഗവതി കമ്മിറ്റിയേയും വടകര-മാഹി കനാലിന്റെ പ്രയോഗക്ഷമതയെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി നിയോഗിക്കുകയും, രണ്ട് കമ്മിറ്റികളും ടി കനാലിന്റെ ഉൽഖനനം നിർദ്ദേശിക്കുകയും ചെയ്തു. ഉൾനാടൻ ജലപാത അതോറിറ്റി "ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി സ്റ്റഡി" നടത്തുന്നതിനായി NATPAC-നെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രദേശത്തിന്റെ സർവ്വവിധമായ പുരോഗതിക്ക് ഉതകുന്നതാണ് ടി കനാൽ എന്ന് NATPAC-ന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

ഇൻലാന്റ് നാവിഗേഷൻ റൂട്ടിൽ തെക്കെക്കാട് നടപ്പാലം നിർമ്മാണം

90 (104) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഇൻലാന്റ് നാവിഗേഷൻ റൂട്ടിൽ (കൊച്ചി-കോട്ടപ്പുറം) തെക്കെക്കാട് നടപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

തെക്കെക്കാട് നടപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly